"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സ്റ്റോർസ് പർച്ചേസ് വകുപ്പ് - പൊതുമേഖലാ സ്ഥാപനമായ കെൽട്രോണിന്, സംസ്ഥാന സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയ്ക്ക് ടെൻഡർ നടപടി കൂടാതെ നേരിട്ട് 'ശ്രവണസഹായി' വിപണനം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സ്റ്റോർസ് പർച്ചേസ് (എ) വകുപ്പ്**

സ.ഉ.(സാധാ) നം.56/2024/SPD    തീയതി,തിരുവനന്തപുരം, 12-06-2024

---

പരാമർശം:- 1. 22.02.2022 ലെ സ.ഉ.(സാധാ) നം.11/2022/എസ്.പി.ഡി.

2. KSEDC Ltd. മാനേജിംഗ് ഡയറക്ടറുടെ 01.06.2023 ലെ സി.എം.ഡി/കെ.എൽ.ഡി-76/2023-24/13 എന്ന നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പൊതുമേഖലാ സ്ഥാപനമായ കെൽട്രോണിന് സംസ്ഥാന സർക്കാർ/പൊതുമേഖലാ/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയ്ക്ക് ടെൻഡർ നടപടി കൂടാതെ നേരിട്ട് ശ്രവണസഹായി വിപണനം ചെയ്യുന്നതിനുള്ള അനുമതി നൽകിയ പരാമർശം (1) ലെ ഉത്തരവിന്റെ കാലാവധി 21.02.2024 ന് അവസാനിച്ചിരിക്കുന്നു. പ്രസ്തുത ഉത്തരവിന്റെ കാലാവധി ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം (2) പ്രകാരം കെൽട്രോൺ മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, സ്റ്റോർസ് പർച്ചേസ് മാന്വലിലെ ഖണ്ഡിക 9.23 ലെ വ്യവസ്ഥകളിൽ ഇളവ് നൽകി കൊണ്ട്, പൊതുമേഖലാ സ്ഥാപനമായ കെൽട്രോൺ നിർമ്മിക്കുന്ന ശ്രവണസഹായി, ടെൻഡർ നടപടികൾ കൂടാതെ സംസ്ഥാന സർക്കാർ/അർദ്ധ സർക്കാർ/ പൊതുമേഖലാ/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയ്ക്ക് ശ്രവണസഹായി ഒന്നിന്, ഇയർമോൾഡ് കൂടാതെ 8000/- രൂപ നിരക്കിലും ഇയർമോൾഡ് ഉൾപ്പെടെ 8500/- രൂപ നിരക്കിലും വിപണനം ചെയ്യുന്നതിന് കെൽട്രോണിന്, ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേയ്ക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സ്മിത എസ്
ജോയിന്റ് സെക്രട്ടറി

പകർപ്പ്:-

എല്ലാ വകുപ്പ തലവൻമാർ/ ഓഫീസുകൾ/ അർദ്ധ സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങൾ/ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയ്ക്ക്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, കെൽട്രോൺ, കെൽട്രോൺ ഹൗസ്, വെള്ളയമ്പലം,
തിരുവനന്തപുരം – 695 033
വ്യവസായ (ഡി) വകുപ്പ് (IND-D3/216/2018-IND ഫയൽ പ്രകാരം)
സാമൂഹ്യ നീതി (എ) വകുപ്പ് (എ 2/99/2023-സാ.നീ.വ ഫയൽ പ്രകാരം)
സി-ഡിറ്റ്, ഗോർക്കി ഭവനം , വാൻറോസ് ജംഗ്ഷൻ, തിരുവനന്തപുരം
(സർക്കാർ ഉത്തരവ് സ്റ്റോർസ് പർച്ചേസ് വകുപ്പിന്റെ വെബ് സൈറ്റിൽ ചേർക്കുന്നതിന്).
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
(സർക്കാർ ഉത്തരവ് വെബ് സൈറ്റിൽ ചേർക്കുന്നതിന്).
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും
(ഇ-ഓഫീസ് മുഖാന്തിരം).
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ